**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4348** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് വായ്പയും റവന്യൂ റിക്കവറിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത എത്ര പേർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത 9 പേർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 4 പേർക്കെതിരെയും, ഇടുക്കി ജില്ലയിൽ 5 പേർക്ക് എതിരെയുമാണ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് വീടോ സ്ഥലമോ ജപ്തി ചെയ്ത എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുള്ള 7 പേർക്കെതിരെ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിലുള്ള മല്ലപ്പള്ളി ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും 2,00,000/- രൂപ വായ്പയെടുത്ത ശ്രീ.റ്റി.ജി.ഹരികുമാർ എന്നയാളുടെ വായ്പയിൻമേൽ 27.09.2021- ൽ ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 2. ഇടുക്കി ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 47,50,000/- രൂപ വായ്പയെടുത്ത ശ്രീ. ഹരികുമാർ.കെ.ആർ എന്നയാളുടെ വായ്പയിൻമേൽ 20.09.2021 – ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 3. ഇടുക്കി ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 42,00,000/- രൂപ വായ്പയെടുത്ത ശ്രീ. സുരേഷ് എ. എസ്സ് എന്നയാളുടെ വായ്പയിൻമേൽ 28.09.2021- ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 4. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 47,50,000/- രൂപ വായ്പയെടുത്ത ശ്രീ.മമ്മൂട്ടി എന്നയാളുടെ വായ്പയിൻമേൽ 12.04.2021 – ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 5. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 30,00,000/- രൂപ വായ്പയെടുത്ത ശ്രീ. ശ്രീരാജ് എന്നയാളുടെ വായ്പയിൻമേൽ 24.09.2021 – ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. 6. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 1,50,000/- രൂപ വായ്പയെടുത്ത ശ്രീ. ജോസ് മാത്യൂ എന്നയാളുടെ വായ്പയിൻമേൽ 08.10.2021 – ന് ജപ്തി നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. 7. കോഴിക്കോട് ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും 30,00,000/- രൂപ വായ്പയെടുത്ത ശ്രീമതി.സാദിയ മുഹമ്മദ് റാമിസ് എന്നയാളുടെ വായ്പയിൻമേൽ 12.10.2021- ന് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് കുടിശ്ശികക്കാരൻ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സഹകരണ ബാങ്കിൽ വായ്പ കുടിശ്ശിക ഉണ്ടായിരുന്ന നാല് പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. എന്നാൽ ടി ആത്മഹത്യകൾ സഹകരണ ബാങ്കിലെ വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്നാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ